## പതിമൂന്നാം കേരള നിയമസഭ - രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3153 13/10/2011-ൽ മറുപടിയ്ക്ക്

### അന്ധകാരനഴി വടക്കേ പാലം

ചോദ്യം

ശ്രീ. എ. എം. ആരിഫ്

മറുപടി

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| (എ)<br>അന്ധകാരനഴി വടക്കേ പാലത്തിന്റെ നിർമ്മാണത്തിനായി ഹാർബർ എൻജിനീയറിംഗ് വകുപ്പ് മുഖേന ആറര കോടി രൂപയുടെ എസ്റ്റിമേറ്റിൽ നിർമ്മിക്കുന്ന പാലത്തിന് ഈ വർഷം ബന്ധപ്പെട്ട ബഡ്ജറ്റ് ഹെഡിൽ തുക ഒന്നും വകയിരുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ)<br>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി)<br>ഈ പാലത്തിന്റെ നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുകയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി)<br>ഇപ്പോൾ പുരോഗമിക്കുന്നില്ല. കരാറുകാരൻ ആകെയുള്ള 28 പൈലുകളിൽ 18 പൈലുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. 2010 ജൂൺ മാസത്തിൽ വെള്ളപ്പൊക്കം മൂലം പാലത്തിനായി നിർമ്മിച്ച ബണ്ടുകൾ പൊട്ടിപ്പോവുകയും പിന്നീട് പണി തുടരാൻ കഴിയാതെ വരികയും ചെയ്തു. പണി തുടരാൻ സാധിക്കുന്ന സാഹചര്യത്തിലും പണി തുടരാത്തതിനാൽ കോൺട്രാക്ടർക്ക് പല പ്രാവശ്യം കത്തു നൽകുകയും ഉടനെ പണി ആരംഭിച്ച് പൂർത്തിയാക്കിയില്ലെങ്കിൽ ടെർമിനേറ്റ് ചെയ്യും എന്ന് കാണിച്ച് ഫൈനൽ നോട്ടീസും നൽകിയിട്ടുണ്ട്. |

| | |
|---|---|
| (സി) പ്രസ്തുത പാലം നിർമ്മിക്കുന്നതിനാവശ്യമായ തുക അടിയന്തിരമായി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (സി) പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 496 ലക്ഷം രൂപ വേണ്ടി വരുന്നതാണ് എസ്.ഡി.ജി.യിൽ 200 ലക്ഷം രൂപ അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ